# കേരളസർവകലാശാല

നം.പി.ആർ.9/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ യു.ജി പ്രവേശനം 2020
### ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ്
### ജനുവരി 16 മുതൽ 23 വരെ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയം, ഐ.എച്ച്.ആർ.ഡി., യു.ഐ.ടി. കോളേജുകളിലേക്കുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക് വിവിധ കോഴ്സുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ജനുവരി 16 മുതൽ 23 വരെയാണ് സ്പോട്ട് അലോട്ട്മെന്റ്. ബി.എസ്.സി, ബി.കോം, ബി.എ. മറ്റു വിഷയങ്ങൾ എന്നിങ്ങനെ വിഷയങ്ങൾ തരം തിരിച്ചാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. ജനുവരി 16 മുതൽ 20 വരെ തിരുവനന്തപുരം, കൊല്ലം മേഖലകളിലും, 21 മുതൽ 23 വരെ ആലപ്പുഴ, അടൂർ മേഖലകളിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. കുട്ടികൾ ഹാജാരാകേണ്ട സ്ഥലവും തിയതിയും വിഷയവും സമയവും മറ്റു വിശദാംശങ്ങളും ഉടൻ തന്നെ അഡ്മിഷൻ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

### അവസാനവർഷ ബി.ഡി.എസ്. പ്രാക്ടിക്കൽ,വൈവ മാറ്റി

കേരളസർവകലാശാല ജനുവരി 18 മുതൽ ആരംഭിക്കാനിരുന്ന അവസാനവർഷ ബി.ഡി.എസ്. പാർട്ട് രണ്ട് (സപ്ലിമെന്ററി - 2008 സ്കീം), ഒക്ടോബർ 2020 പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ജനുവരി 14 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.ആർക്ക്. സപ്ലിമെന്ററി (2008 സ്കീം) History of Architecture – V - ന്റെ പരീക്ഷ പ്രാദേശിക അവധി കാരണം ജനുവരി 18 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

കേരളസർവകലാശാല നടത്തുന്ന ബി.ടെക്. ഏഴാം സെമസ്റ്റർ സെപ്റ്റംബർ 2020 (2008 സ്കീം) ജനുവരി 29 ന് നടത്താനിരുന്ന ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിലെ മൂന്നാമത്തെ ഇലക്ടീവ് - "മോഡേൺ ഓപ്പറേറ്റിംഗ് സ്റ്റിസ്റ്റംസ്" ഫെബ്രുവരി 10 ലേക്ക് മാറ്റിയിരിക്കുന്നു. സമയത്തിന് മാറ്റമില്ല.

ജനുവരി 14 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾക്ക് അവധി ആയതിനാൽ അന്നേദിവസം നടത്താനിരുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി.) പരീക്ഷ ജനുവരി 22 ലേക്ക് മാറ്റിയിരിക്കുന്നു.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 15 മുതൽ അതതു കോളേജുകളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 19, 20 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ടെക് സ്പോട്ട് അഡ്മിഷൻ ജനുവരി 18 ന്

**കേരളസർവകലാശാല ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ എം.ടെക് പ്രോഗ്രാമിന്റെ നിലവിലുള്ള ഒഴിവിലേയ്ക്ക് (ജനറൽ വിഭാഗം-1, എസ്.സി/എസ്.റ്റി വിഭാഗം-2, മറ്റ് സംവരണ വിഭാഗം-4) ജനുവരി 15 ന് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ ജനുവരി 18 ലേക്ക് മാറ്റിയിരിക്കുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും, ഫീസും ഉൾപ്പെടെ അന്നേ ദിവസം രാവിലെ 10:30 ന് കാര്യവട്ടത്തുള്ള കേരളസർവകലാശാല ഒപ്ടോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308167 എന്ന നമ്പറിൽ ബന്ധപ്പെടുക.**

## ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന എം.എ./എം.കോം./എം.എസ്.സി. (ആന്വൽ സ്കീം) സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ 2020 സെപ്റ്റംബർ സെഷൻ ബി.എ./ബി.എ. അഫ്സൽ-ഉൽ-ഉലമ സപ്ലിമെന്ററി പാർട്ട് മൂന്ന് മെയിൻ, സബ്സിഡിയറി എന്നീ പരീക്ഷകൾ ജനുവരി 25 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പിഎച്.ഡി കോഴ്സ്വർക്ക് - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തുന്ന പിഎച്.ഡി. കോഴ്സ്വർക്ക് പരീക്ഷയ്ക്ക് (ഡിസംബർ 2020 സെഷൻ) അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും മറ്റു വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

2021 ജനുവരി 20 ന് ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം. ആന്വൽ സ്കീം പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി (സെപ്റ്റംബർ 2020 സെഷൻ) പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രമായി യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ബിഷപ്പ് യേശുദാസൻ കോളേജ്, മുളയറ, നെടുമങ്ങാടും ഗവ.കോളേജ്, നെടുമങ്ങാട്, സംസ്കൃത കോളേജ്, തിരുവനന്തപുരം എന്നീ കോളേജുകളിലെ എല്ലാ വിദ്യാർത്ഥികളും ശ്രീ.സത്യസായ് ആർട്സ് ആന്റ് സയൻസ് കോളേജ്, തോന്നയ്ക്കലും ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരത്തെ എല്ലാ വിദ്യാർത്ഥികളും സെന്റ്.സേവ്യേഴ്സ് കോളേജ്, തുമ്പയിലും, സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തലയിലെ എല്ലാ വിദ്യാർത്ഥികളും എസ്.എൻ. കോളേജ്, ചേർത്തലയിലും എഫ്.എം.എൻ കോളേജ്, കൊല്ലത്തെ എല്ലാ വിദ്യാർത്ഥികളും ടി.കെ.എം.കോളേജ്

ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലത്തും മാർ ഇവാനിയോസ് കോളേജ്, നാലാഞ്ചിറയിലെ എല്ലാ വിദ്യാർത്ഥികളും എം.ജി. കോളേജ്, തിരുവനന്തപുരത്തും പരീക്ഷ എഴുതേണ്ടതാണ്. മേൽപ്പറഞ്ഞ വിദ്യാർത്ഥികളിൽ എല്ലാ ഓഫ്‌ലൈൻ വിദ്യാർത്ഥികളും പരീക്ഷ എഴുതേണ്ട കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. മറ്റുള്ള പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ (ജനുവരി 2021) ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ജനുവരി 21 വരെയും 150 രൂപ പിഴയോടെ ജനുവരി 27 വരെയും 400 രൂപ പിഴയോടെ ജനുവരി 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ത്രീമെയിൻ സിസ്റ്റം ഒന്ന്, രണ്ട്, മൂന്ന് വർഷ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായും ഓഫ്‌ലൈനയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ജനുവരി 20 വരെയും 150 രൂപ പിഴയോടെ 25 വരെയും 400 രൂപ പിഴയോടെ 28 വരെയും ഫീസടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ബി.കോം. ആന്വൽ സ്കീം പാർട്ട് ഒന്ന്, രണ്ട് സെപ്റ്റംബർ 2019 സപ്ലിമെന്ററി പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് (ഏപ്രിൽ 2020 സെഷൻ) പാർട്ട് ഒന്ന്, രണ്ട് പരീക്ഷയ്ക്ക് ജനുവരി 13 മുതൽ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ജനുവരി 18 വരെയും 150 രൂപ പിഴയോടെ ജനുവരി 20 വരെയും 400 രൂപ പിഴയോടെ ജനുവരി 22 വരെയും ഫീസടയ്ക്കാം.

**മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ, ബി.എസ്.സി., ബി.കോം (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 19 വരെയും 150 രൂപ പിഴയോടെ ജനുവരി 21 വരെയും 400 രൂപ പിഴയോടെ ജനുവരി 23 വരെയും അപേക്ഷിക്കാം.**

## കാഷ്വൽ ലേബറർ നിയമനം - തീയതി നീട്ടി

കേരളസർവകലാശാലയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി, അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 20 വൈകുന്നേരം 5 മണി വരെ നീട്ടി. സർവകലാശാല പ്രസിദ്ധീകരിക്കുന്ന അംഗീകൃത ലിസ്റ്റിൽ നിന്നുള്ളവർക്ക് മാത്രമേ കാഷ്വൽ ലേബറായി നിയമനം നൽകുകയുള്ളൂ. പുതിയ ലിസ്റ്റിൽ ഉൾപ്പെടണമെന്ന് ആഗ്രഹിക്കുന്നവർ ഓൺലൈനായി അപേക്ഷ നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതാണ്. മറ്റു തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**തിരുവനന്തപുരം.**
13.01.2021

പബ്ലിക് റിലേഷൻസ് ഓഫീസർ